ഗ്രാമീണ ജലനയത്തെക്കുറിച്ചുള്ള സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന്റെ പഠനറിപ്പോർട്ട്

120 [1059] *ശ്രീ. കെ. പി. രാജേന്ദ്രൻ:*
„ *എം. കുമാരൻ:*
„ *പി. എസ്. സുപാൽ:*
„ *പി. നാരായണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഗ്രാമീണ ജലനയത്തെക്കുറിച്ച് പഠിക്കുവാൻ നിയോഗിച്ച സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന്റെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇതിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ റിപ്പോർട്ടിൽ ഗ്രാമീണ ജലവിതരണമേഖലയിൽനിന്ന് സർക്കാർ പിൻമാറണമെന്ന നിർദ്ദേശം ഉണ്ടോ;

(ഡി) ഗ്രാമീണമേഖലയിൽ ജലക്കരവർദ്ധനവിനായിട്ടുള്ള നിർദ്ദേശത്തിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ഇ) കേന്ദ്ര സർക്കാരുമായി ഗ്രാമീണ ജലനയം സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ;

(എഫ്) കുടിവെള്ള വിതരണമേഖലയുടെ ചുമതലയിൽനിന്ന് കേരള വാട്ടർ അതോറിറ്റി പിൻവാങ്ങുന്നതോടെ പകരം എന്തൊക്കെ ബദൽ സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ ഗ്രാമീണ ജലനയത്തെക്കുറിച്ച് പഠിക്കുവാൻ ജലവിഭവ വകുപ്പ് സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനെ നിയോഗിച്ചിട്ടില്ല.

(ബി) & (സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഗ്രാമീണമേഖലയിൽ പ്രത്യേകമായി ജലക്കരവർദ്ധനവിനായിട്ടുള്ള നിർദ്ദേശമൊന്നും ജലവിഭവവകുപ്പിന്റെ പരിഗണനയിലില്ല.

(ഇ) ഇല്ല.

(എഫ്) കുടിവെള്ള വിതരണമേഖലയുടെ ചുമതലയിൽനിന്ന് കേരള വാട്ടർ അതോറിറ്റി പിൻവാങ്ങണമെന്ന ഒരു നിർദ്ദേശവും നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly